കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

# ലേബർ കമ്മീഷണറുടെ കാര്യാലയം

തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033
Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

**പ്രസ്സ് റിലീസ്** **28.07.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

---

## ക്ഷേമ പെൻഷനുകൾ ഓണത്തിന് മുമ്പ് -തൊഴിൽ മന്ത്രി

*ക്ഷേമനിധി ആനുകൂല്യങ്ങൾ ഓണത്തിന് മുമ്പ് വിതരണം ചെയ്യും.

* കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് 30 കോടി അനുവദിച്ചു.

* അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കും.

*മൂന്നുമാസത്തിലൊരിക്കൽ എല്ലാ ക്ഷേമനിധി ബോർഡുകളുടെയും യോഗം സർക്കാർ വിളിച്ചുചേർക്കും.

* താൽക്കാലിക ജീവനക്കാരുടെ കൂലി വർധിപ്പിച്ച നടപടി ബോർഡുകളിൽ പ്രാവർത്തികമാക്കും.

തൊഴിലാളി ക്ഷേമ പെൻഷനുകൾ ഓണത്തിന് മുമ്പ് നൽകണമെന്ന് വിവിധ ക്ഷേമനിധി ബോർഡുകൾക്ക് തൊഴിൽ-നൈപുണ്യം വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ നിർദേശം നൽകി. തൊഴിൽ മന്ത്രിയുടെ ചേംബറിൽ വിളിച്ചു ചേർത്ത വിവിധ ക്ഷേമനിധി ബോർഡുകളുടെ സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2017 ഏപ്രിൽ മുതൽ ക്ഷേമ പെൻഷനുകൾ 1100 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇത് ആനൂകൂല്യത്തിന് അർഹരായവർക്കെല്ലാം ഓണത്തിന് മുമ്പ് ലഭ്യാക്കുന്നതിന് അതത് ബോർഡുകൾ നടപടികൾ സ്വീകരിക്കണം. തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യം വർധിക്കണമെങ്കിൽ ബോർഡുകളുടെ വരുമാനം വർധിക്കണം. അതിന് കൃത്യമായ ആസൂത്രണവും പരിശ്രമവും ആവശ്യമാണ്. അതിനനുസരിച്ചുള്ള പരിപാടികൾ ആവിഷ്ക്കരിക്കാൻ ബോർഡുകൾ നടപടി സ്വീകരിക്കണം.

എല്ലാ ബോർഡുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. ജില്ലാ തലത്തിലുള്ള പരിശോധനകളും ആവശ്യമാണ്.അതത് ബോർഡ് ചെയർമാൻമാരുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തണം. ജില്ലാതല അവലോകന യോഗങ്ങളും നടത്തേണ്ടതുണ്ട്.സർക്കാർ മൂന്നുമാസത്തിലൊരിക്കൽ എല്ലാ ബോർഡുകളുടെയും യോഗം വിളിച്ച് അവലോകനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

അർഹതയുള്ളവരെ അംഗങ്ങളാക്കുകയും അനർഹർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കുകയും വേണം. ചുമട്ടുതൊഴിലാളി മേഖലയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന പരാതി പ്രത്യേകമായി പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ സർക്കാർ തലത്തിൽ ആസൂത്രണം ചെയ്തുവരുന്നു.കർഷക തൊഴിലാളി ക്ഷേമത്തിന് മുൻസർക്കാർ അഞ്ചുവർഷക്കാലവും സാമ്പത്തിക സഹായം അനുവദിക്കാൻ തയാറായിരുന്നില്ല.290 കോടി രൂപയുടെ ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് കുടിശികയാണ്. തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.ഇപ്പോൾ സർക്കാർ 30 കോടി രൂപ ബോർഡിന് അനുവദിച്ചിട്ടുണ്ട്. ബോർഡിന് കൂടുതൽ സർക്കാർ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും ആലോചിച്ചു വരുന്നതായി മന്ത്രി വ്യക്തമാക്കി.

എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പ്രശ്നങ്ങൾ പരിശോധിക്കുകയും ബോർഡുകൾ സജീവമാക്കുകയും ചെയ്യും. ക്ഷേമനിധി ബോർഡുകൾ സ്വന്തം സാമ്പത്തിക ശേഷി ഉപയോഗിച്ച് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് സർക്കാരിന് സമർപ്പിക്കണം.പദ്ധതിക്ക് കാലതാമസം നേരിടാതെയുള്ള നടപടികൾക്ക് ആക്കം കൂട്ടാൻ സർക്കാർ നടപടികൾ സ്വീകരിക്കും.

നിലവിലുള്ള 16 ബോർഡുകൾ 11 എണ്ണമാക്കി പുനസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് മുന്നിലുണ്ട്. സർക്കാർ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ തീരുമാനമെടുക്കും. താൽക്കാലിക ജീവനക്കാരുടെ കൂലി വർധിപ്പിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് എല്ലാ ബോർഡുകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ബോർഡുകൾക്ക് മന്ത്രി നിർദേശം നൽകി.

യോഗത്തിൽ വിവിധ ക്ഷേമനിധി ബോർഡ് ചെയർമാൻമാർ, തൊഴിൽ–എക്സൈസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടോം ജോസ്, ലേബർ കമ്മീഷണർ കെ.ബിജു, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**ലേബർ പബ്ലിസിറ്റി ഓഫീസർ**

**9846063499**